1997-98-ൽ ഈ ഇനത്തിൽ ചെലവായ തുക, 1998-99-ൽ വകയിരുത്തിയതും ചെലവായതുമായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ തല്ക്കാലം ലഭ്യമല്ല.

47 (1798) പഞ്ചായത്തുകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ വെളിച്ചത്തിൽ പ്രസ്തുത വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പഞ്ചായത്തുനിവാസികളിൽനിന്നും നോമിനൽ ഫീ ഈടാക്കി അവരുടെ കമ്പ്യൂട്ടർപരമായ ആവശ്യങ്ങൾ നിറവേറ്റാൻ കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാൻ അനുമതി നൽകാൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർവൽക്കരണം പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ സർക്കാർ തീരുമാനമെടുക്കുന്നതാണ്.

(ബി) ഇപ്പോൾ ഇത്തരം നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

48 (1799) പഞ്ചായത്ത് വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ

ശ്രീ. പാലോട് രവി :
പ്രൊ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എ.കെ. മണി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തിന്റെ സ്റ്റാഫ് പാറ്റേൺ നിർണ്ണയിച്ചതെന്നാണ്;

(ബി) അതിനുശേഷം പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ജോലി സ്വഭാവത്തിൽ എന്തെല്ലാം മാറ്റം വന്നു;

(സി) ഈ മാറ്റങ്ങൾക്കനുസൃതമായി പ്രസ്തുത വകുപ്പ് പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30.4.1982-ലെ ജി.ഒ. (എം.എസ്) 85/82/എൽ.എ.ആന്റ് എസ്.ഡബ്ലിയു.ഡി. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചത്.

(ബി) ജനകീയാസൂത്രണ പദ്ധതിനിർവ്വഹണ പ്രവർത്തനങ്ങൾ, വികലാംഗ, വിധവ, കർഷകത്തൊഴിലാളി, വാർദ്ധക്യകാല പെൻഷനുകളുടെ വിതരണം, തൊഴിലില്ലായ്മ വേതന വിതരണം, പതിനൊന്നിന പരി

LIBRARY ARCHIVES Kerala Legislative Assembly